ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
രണ്ടാം നില, ട്രാൻസ് ടവേഴ്സ് വഴുതക്കാട്
തിരുവനന്തപുരം - 695 014
ഇ-മെയിൽ : tcoffice@keralamvd.gov.in
വെബ്: www.mvd.kerala.gov.in
ഫോൺ : 0471-2333317 / 37
തീയതി: 24/10/2016

പ്രേഷകൻ:- ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്:- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ മാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാരും
എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്-മോട്ടോർ വാഹന വകുപ്പ് — ക്യാമറാനിരീക്ഷണ സംവിധാനം വഴിനൽകിയിട്ടുള്ള ചാർജ്ജ് മെമ്മോകൾതീർപ്പാക്കുന്നതു സംബന്ധിച്ച്

സൂചന:-

ക്യാമറാനിരീക്ഷണ സംവിധാനം വഴി നൽകിയിട്ടുള്ള ചാർജ് മെമ്മോകൾ തീർപ്പാക്കുന്നതു സംബന്ധിച്ച് നൽകിയ ട്രാൻസ്പോർട്ട്കമ്മീഷണർ നൽകിയ പത്രക്കുറിപ്പിന്റെ പകർപ്പ് ഇതോടോപ്പം ഉള്ളടക്കം ചെയ്യുന്ന ആയത് സ്വന്തം നിലയിൽ വിവിധ മാധ്യമങ്ങൾ വഴി ആവശ്യമായ പ്രചരണം നടത്തുന്നതിനും പിഴതുക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ നിലവിൽ ക്യാമറാനിരീക്ഷണ സംവിധാനം വഴി നൽകിയിട്ടുള്ള ചാർജ്ജ്മെമ്മോകളിൽ അഞ്ചു മെമ്മോകളിലധികം പിഴ ഒടുക്കുന്നതിനായുള്ള വാഹനങ്ങളുടെ പട്ടികയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വാഹനത്തിന്റെ ഉടമകൾക്ക് പ്രത്യേകമായി നോട്ടീസ്സ് തയ്യാറാക്കി നൽകേണ്ടതും, അവർക്കെതിരെ ശക്തമായ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

ഈആഫീസ്സിൽ നിന്നും ലഭ്യമാക്കുന്നലിസ്റ്റ് പ്രകാരമുള്ള വാഹനങ്ങൾക്ക് നോട്ടീസ് നൽകുന്നതിനു മുമ്പ് പി എസ് എം സോഫ്റ്റ്വെയർ പരിശോധിച്ച് ആകെ എത്ര ചാർജ്ജ മെമ്മൊ പിഴ ഒടുക്കാനായുണ്ട് എന്നുള്ള നോട്ടീസ് നൽകുന്ന തീയതിയിലെ അവസാന സ്ഥിതി കൂടി പരിശോധിക്കേണ്ടതാണ്.കുടിശിഖ ചാർജ്ജ് മെമ്മോസംബന്ധമായ വിവരങ്ങൾ നോട്ടീസ്സിൽ ഉൾപ്പെടുത്തേണ്ടതാണ്.

ക്യാമറാനിരീക്ഷണ സംവിധാനം വഴി നൽകിയിട്ടുള്ള ചാർജ്ജ് മെമ്മോകളിൽ പിരിച്ചെടുക്കുന്നതിനായുള്ള പിഴതുക പിരിച്ചെടുക്കുന്നതിനായി ആഫീസ് തലവന്റെ നേതൃത്വത്തിൽ ആവശ്യമായ എല്ലാവിഭാഗത്തിലും ഉള്ള ജീവനക്കാരേയും ഉൾപ്പെടുത്തി ഒരു ടീമിനെ രൂപീകരിക്കേണ്ടതാണ്.എല്ലാ ആഴ്ച്ചയിലേയും അവസാനത്തെ പ്രവൃത്തി ദിവസം പിഴതുക പിരിവിലെ

പുരോഗതി വിലയിരുത്തുകയും ഇതു സംബന്ധമായ ഒരു പുരോഗതി റിപ്പോർട്ട് ആതാതു ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ തങ്ങളുടെ അധികാരപരിധിയിലുള്ള ആഫീസുകളിലെ പിഴതുക പിരിവിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഇതു സംബന്ധമായ ഒരു പുരോഗതി റിപ്പോർട്ട് എല്ലാ ആഴ്ചയിലേയും ആദ്യ പ്രവൃത്തി ദിനത്തിൽ ഈ ആഫീസ്സിൽ ലഭ്യമാക്കേണ്ടതാണ്.

പി എസ് എം സോഫ്റ്റ്‌വെയർ നിലവിൽ വരുന്നതിനു മുൻപ്പ (01/01/2013) സ്മാർട്ട് മൂവ്വ് വഴി പിഴ ഒടുക്കിയിട്ടുണ്ട് എങ്കിൽ ആവിവരങ്ങൾ ശേഖരിച്ച് എക്സൽ ഫോർമാറ്റിൽ ക്രോഡീകരിച്ച് ഈ ആഫീസ്സിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**S AANANTHAKRISHNAN**
**TRANSPORT COMMISSIONER**

പകർപ്പ് :-